പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നമ്പർ. 2391

07-10-2016 ൽ മറുപടി നൽകേണ്ടിയിരുന്നത്

## കാർഷിക കർമ്മസേനാ രൂപീകരണം

**ചോദ്യം**

ശ്രീ.പി.ടി.എ റഹീം.
ശ്രീ. കാരാട്ട് റസാഖ്
ശ്രീ.എം. രാജഗോപാലൻ
ശ്രീ.ആർ. രാജേഷ്

**മറുപടി**

ശ്രീ.വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | |
|---|---|---|
| എ) സംസ്ഥാനത്തെ കൃഷി ഭവനുകൾക്ക് കീഴിൽ കാർഷിക കർമ്മസേന രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ടോ യെന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്. |
| ബി) ഉണ്ടെങ്കിൽ ഇപ്രകാരം രൂപീകരിച്ച കർമ്മസേനകൾക്ക് സർക്കാർ നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) | സംസ്ഥാനത്ത് രൂപീകരിച്ച 200 കർമ്മസേനകളിൽ 100 കർമ്മ സേനകളെ 2014-15 വർഷത്തെ ആർ.കെ.വി.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു കർമ്മസേനയ്ക്ക് 9 ലക്ഷം രൂപയുടെ യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനും ഒരു ലക്ഷം രൂപയുടെ യൂണിഫോം വാങ്ങുന്നതിനുമായി ആകെ 10 ലക്ഷം രൂപ വീതം നൽകിയിട്ടുണ്ട്. ബാക്കിയുള്ള 100 കാർഷിക കർമ്മസേനകൾക്ക് യന്ത്രോപകരണങ്ങൾ നൽകാൻ നടപടി സ്വീകരിച്ചുവരുന്നു. 200 കാർഷിക കർമ്മസേനകളിലെ അംഗങ്ങൾക്ക് ആധുനിക യന്ത്രോപകരണങ്ങൾ ഉപയോഗിക്കുന്നതിന് വിദഗ്ധ പരിശീലനം നൽകിയിട്ടുണ്ട്. |
| സി) പ്രസ്തുത കർമ്മ സേനകൾക്ക് ജോലി ചെയ്യുന്നതിനാവശ്യമായ യന്ത്രസാമഗ്രികൾ ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | 100 കർമ്മസേനകൾക്ക് കാർഷിക യന്ത്രോപകരണങ്ങൾ നൽകിയിട്ടുണ്ട്. ബാക്കിയുള്ള 100 കർമ്മസേനകൾക്ക് യന്ത്രോപകരണങ്ങൾ നൽകാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ